# മോൺ. തോമസ് മൂത്തേടൻ

## - ക്രാന്തദർശിയായ സാമൂഹിക പരിഷ്ക്കർത്താവ്

ആദ്ധ്യാത്മിക നിയന്താവ്, ധിഷണാശാലിയായ ചിന്തകൻ, വിദ്യാഭ്യാസ വിചക്ഷണൻ, അഗാധപാണ്ഡിത്യമുള്ള എഴുത്തുകാരൻ, ഗ്രന്ഥകാരൻ, വാഗ്മി, ഗണിതശാസ്ത്രപണ്ഡിതൻ, വിവർത്തകൻ എന്നീ നിലകളിൽ ശോഭിച്ച ബഹുമുഖപ്രതിഭയായിരുന്നു മോൺ. തോമസ് മൂത്തേടൻ.

1911 മാർച്ച് 7-ാം തീയതി ചാലക്കുടിക്കടുത്തുള്ള മേലൂർ ഗ്രാമത്തിൽ, പടയാട്ടി മൂത്തേടൻ അന്തോണിയുടെയും, എളവൂർ പാത്താടൻ കുടുംബാംഗമായ ത്രേസ്യയുടെയും 5-മാത്തെ മകനായി അദ്ദേഹം ജനിച്ചു. 4 സഹോദരന്മാരും ഒരു സഹോദരിയും അടങ്ങിയതായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. ചെറുപ്പത്തിൽ തന്നെ പിതാവിനേയും സഹോദരിയേയും നഷ്ടമായ അദ്ദേഹം, അമ്മയുടെ സംരക്ഷണത്തിലും 4 സഹോദരന്മാരുടെ പരിലാളനയിലും വളർന്നുവന്നു. പഠനത്തിലും ദൈവീകകാര്യങ്ങളിലും മികവു പുലർത്തിയിരുന്ന തോമസിന്റെ ആത്മീയ വളർച്ചയ്ക്ക് കൂടുതൽ കരുത്തു പകർന്നത് മേലൂർ സെന്റ് ജോസഫ്സ് ദേവാലയമാണ്.

മേലൂർ സെന്റ് ജോസഫ്സ് എൽ.പി. സ്ക്കൂളിൽ നിന്ന് പ്രാഥമികവിദ്യാഭ്യാസവും ചാലക്കുടി ഗവ.ഹൈസ്ക്കൂളിൽ നിന്ന് തുടർവിദ്യാഭ്യാസവും പൂർത്തിയാക്കിയതിനുശേഷം ഉപരിപഠനം എറണാകുളം മഹാരാജാസ് കോളേജിലും, മദ്രാസ് ലയോള കോളേജിലും പൂർത്തിയാക്കി. ബിരുദധാരിയായ തോമസ് അന്നത്തെ എല്ലാ ഭൗതിക ജീവിതസാഹചര്യങ്ങളും ഉപേക്ഷിച്ച് ക്രിസ്തുവിനെ മനസാവഹിച്ചത് അന്നത്തെ തലമുറയ്ക്ക് ഒരത്ഭുതമായിരുന്നു. 4 വർഷം മംഗലപുഴ സെമിനാരിയിലും സിലോണിലെ കാന്റി സെമിനാരിയിലും വൈദികപഠനം പൂർത്തിയാക്കി ഡോക്ടറേറ്റ് പദവി നേടിയ അദ്ദേഹം 1940 ഒക്ടോബർ 28 ന് ശ്രീലങ്കയിലെ കാന്റി പേപ്പൽ സെമിനാരിയിൽ വച്ച് തിരുപ്പട്ടം സ്വീകരിക്കുകയും, തുടർന്ന് ഇടവക ദേവാലയമായ മേലൂർ സെന്റ് ജോസഫ്സ് പള്ളിയിൽ ഉയിരവരുടെ റാസ കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

കാഞ്ഞൂർ സെന്റ് ജോർജ്ജ് പള്ളി അസിസ്റ്റന്റ് വികാരിയായി ഫാ. തോമസ് തന്റെ വൈദികജീവിതം ആരംഭിച്ചു. തുടർന്ന് എറണാകുളം അതിരൂപത മെത്രാപ്പോലീത്ത മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ഫാ. തോമസിന്റെ പാണ്ഡിത്യം തിരിച്ചറിഞ്ഞ സഭാധികാരികൾ അദ്ദേഹത്തെ മൂവാറ്റുപുഴ നിർമ്മല കോളേജ് പ്രിൻസിപ്പലായി നിയമിച്ചു. 1953 മുതൽ 1963 വരെ മൂവാറ്റുപുഴ നിർമ്മല കോളേജിന്റെ വൈസ് പ്രിൻസിപ്പലായിരുന്ന അദ്ദേഹം നല്ലൊരു ഗണിതശാസ്ത്ര പ്രൊഫസർ കൂടിയായിരുന്നു. ഗണിതശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ ഫാ. തോമസ് മൂത്തേടൻ രചിച്ചിട്ടുള്ള പുസ്തകങ്ങൾ അനവധിയാണ്. ഇവയിൽ പലതും മികച്ച റഫറൻസ് ഗ്രന്ഥങ്ങളാണ്.

തുടർന്ന് സഭാധികാരികൾ അദ്ദേഹത്തെ തൃശ്ശൂർ സെന്റ്. തോമസ് കോളേജിന്റെ പ്രിൻസിപ്പലായി നിയമിച്ചു. തൃശ്ശൂർ സെന്റ്. തോമസ് കോളേജിന്റെ സാരഥിയായിരിക്കെ, ഭാഷയോടുള്ള ഉത്ക്കടമായ സ്നേഹം മൂലം ഫാ. തോമസ് മൂത്തേടൻ മലയാള സാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകി. മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വിവർത്തനം നടത്തിയത് ഒരു നാഴികക്കല്ലാണ്. ലത്തീൻ, സുറിയാനി ഭാഷകളിൽ അതിപ്രഗത്ഭനായിരുന്ന ഫാ. തോമസ് മൂത്തേടൻ 1967 ൽ സമ്പൂർണ്ണ ബൈബിളിന്റെ ആദ്യ മലയാള വിവർത്തനം ലത്തീൻ വുൾഗാത്തയും, സുറിയാനി പെഷീത്തായും ആധാരമാക്കി പ്രസിദ്ധീകരിച്ചു. 48 വർഷം മുമ്പ് സാക്ഷാത്ക്കാരം നേടിയ, ഒരു ധീരപ്രയത്നത്തിന്റെ സ്മാരകമാണ് പണ്ഡിതവര്യനായ ഫാ. തോമസ് മൂത്തേടന്റെ ഈ അമൂല്യനിധി.

കേരളത്തിന്റെ സാംസ്ക്കാരിക വളർച്ചയിൽ അമൂല്യമായ സ്ഥാനമാണ് ഫാ. തോമസിനും അദ്ദേഹത്തിന്റെ മലയാളം ബൈബിളിനുമുള്ളത്. 73 ഗ്രന്ഥങ്ങളടങ്ങിയ ബൈബിളിനെ വെറും 7300 മണിക്കൂറുകൾകൊണ്ടാണ് അദ്ദേഹം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്. മറ്റൊരു വ്യക്തിയുടേയോ, സാങ്കേതിക വിദ്യയുടേയോ സഹായമില്ലാതെയാണ് ബൃഹത്തായ ഈ ഗ്രന്ഥം അക്കാലത്ത് വിവർത്തനം ചെയ്തത്. കഠിനാദ്ധ്വാനത്തിനും ദൃഢനിശ്ചയത്തിനും ഉത്തമമാതൃകയാണിത്.

മൂലഗ്രന്ഥത്തിന്റെ അർത്ഥവും വ്യാപ്തിയും ലളിതമായ ഭാഷയിലും വാക്കുകളിലൂടെയും ആകർഷണീയമായ ശൈലിയിലും അവതരിപ്പിക്കാൻ ഫാ. തോമസ് മൂത്തേടന് കഴിഞ്ഞു. ചരിത്രത്തിലെ അപൂർവ്വത എന്ന് കരുതാവുന്ന ബൈബിൾ പരിഭാഷയ്ക്ക് പുറമെ 86 ഗ്രന്ഥങ്ങളോളം അദ്ദേഹം രചിക്കുകയുണ്ടായി. വൈദികമിത്രം, തീർത്ഥയാത്ര സ്മരണകൾ, കേരളഡാമിയൻ, തിരുമണിക്കൂർ, മാർത്തോമാശ്ലീഹാ, ഒരു സ്നേഹാർദ്രസന്ദേശം, Trigonometry, Pre-University Mathematics മുതലായവ അദ്ദേഹം രചിച്ച ചില ഗ്രന്ഥങ്ങളാണ്. സത്യദീപം, മലബാർ മെയിൽ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു.

അദ്ദേഹം രചിച്ച 'അനുദിനവിശുദ്ധർ' എന്ന പുസ്തകത്തിന്റെ നിരവധി പതിപ്പുകൾ ഇന്നും പുറത്തിറങ്ങിക്കൊണ്ടിരിക്കുകയാണ് എന്നത് ഈ പ്രതിഭുടെ സമകാലീന പ്രസക്തി വ്യക്തമാക്കുന്നു. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ നാമകരണ പ്രക്രിയയ്ക്ക് നേതൃത്വം നൽകിയത് ഫാ. തോമസ് മൂത്തേടനാണ് എന്ന വസ്തുത വളരെ അഭിമാനകരമാണ്. അന്നത്തെ കാലഘട്ടത്തിൽ അദ്ദേഹം നിരവധി വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഇതിനിടെ സത്യദീപത്തിന്റെ പത്രാധിപസ്ഥാനവും മൈനർ സെമിനാരി റെക്ടർ സ്ഥാനവും ഫാ. തോമസ് മൂത്തേടനെ തേടിയെത്തി.

അദ്ദേഹത്തിന്റെ അവിരാമമായ സഭാസേവനത്തിനുള്ള അംഗീകാരമായിരുന്നു

മോൺസിഞ്ഞോർ പദവി. 1972 മെയ് 21 ന് അത്യുന്നത കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി ഫാ. തോമസ് മൂത്തേടന് മോൺസിഞ്ഞോർ പദവി നൽകി ആദരിച്ചു. ഫാ. തോമസ് മൂത്തേടൻ കത്തോലിക്കാ സഭയ്ക്ക് നൽകിയ സംഭാവനകളെ മുൻനിറുത്തി സഭ അദ്ദേഹത്തെ 'കത്തോലിക്കാസഭാതാരം' അവാർഡ് നൽകി ആദരിച്ചു. മോൺ. തോമസ് മൂത്തേടന്റെ ജ്യേഷ്ഠസഹോദര നായ അഡ്വ. എ.വി. മൂത്തേടൻ പരി. പിതാവിൽ നിന്നും Pro Ecclesia ET Pontifice പദവി കരസ്ഥമാക്കി. അഡ്വക്കേറ്റ് എ.വി. മൂത്തേടൻ തിരുകൊച്ചി നിയ മസഭാംഗമായിരുന്നു.

1945 ൽ സർ സി.പി. രാമസ്വാമി അയ്യർ കൊണ്ടുവന്ന വിദ്യാഭ്യാസ പരിഷ്ക്കരണങ്ങളിലും, 1950 ൽ പനമ്പിള്ളി ഗോവിന്ദമേനോൻ രൂപം കൊടുത്ത വിദ്യാഭ്യാസ നിയമത്തിലും ഒളിഞ്ഞുകിടന്ന പാളിച്ചകളെ ചൂണ്ടിക്കാട്ടി അദ്ദേഹം പൊതുസമൂഹത്തെ പ്രബുദ്ധരാക്കി. സെന്റ്. തോമസ് കോളേജ് പ്രിൻസിപ്പലായി രുന്ന കാലയളവിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റുമെമ്പറായും അദ്ദേഹം സേവനമനുഷ്ഠിച്ചു. 1950 ൽ കേരളത്തിലെ ബിഷപ്പ് കൗൺസിൽ രൂപം നൽകിയ കാത്തലിക് എഡ്യുക്കേഷൻ കൗൺസിലിന്റെ ചെയർമാൻ പദവി അലങ്കരിച്ചു.

തിരക്കിട്ട ഔദ്യോഗിക പ്രയാണങ്ങൾക്കുശേഷം തന്റെ സഹോദരൻ കുഞ്ഞിപൈലോ ദാനം ചെയ്ത മേലൂർ സെന്റ്. തോമസ് എസ്.ഡി. കോൺവെന്റിലെ സ്വയം പണികഴിപ്പിച്ച മന്ദിരത്തിൽ വിശ്രമജീവിതം ആരംഭിച്ചു. മോൺ. തോമസ് മൂത്തേടന്റെ പ്രധാന കാർമ്മികത്വത്തിലാണ് ഫാത്തിമ മാതാ വിന്റെ നാമധേയത്തിലുള്ള പുഷ്പഗിരി കുരിശുപള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചത്. തന്റെ വിശ്രമകാലയളവിൽ അദ്ദേഹം രചിച്ച അനേകം ലേഖന ങ്ങൾ ഇന്നും സമൂഹത്തിന് ഒരു മുതൽക്കൂട്ടാണ്. ശാരീരിക അസ്വസ്ഥതകൾ മൂർച്ഛിച്ച് 1985 ഫെബ്രുവരി 11-ാം തിയതി മോൺ. തോമസ് മൂത്തേടൻ കാലയവ നികക്കുള്ളിൽ മറഞ്ഞു. അദ്ദേഹത്തിന്റെ മൃതസംസ്ക്കാരചടങ്ങുകൾക്ക് കാർമ്മി കത്വം നൽകിയത് എറണാകുളം അതിരൂപത കർദ്ദിനാൾ ജോസഫ് പാറേക്കാ ട്ടിൽ തിരുമേനിയും, സഹായമെത്രാൻ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവുമാണ്. അദ്ദേഹത്തിന്റെ ഭൗതീകശരീരം മേലൂർ സെന്റ് ജോസഫ്സ് ഇടവക ദേവാലയ ത്തിലെ സിമിത്തേരി കപ്പേളയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ക്രൈസ്തവ വിശ്വാസത്തിന്റെ ആധാരഗ്രന്ഥത്തിന് മലയാളത്തനിമ നൽകിയ ഫാ. തോമസ് മൂത്തേടൻ മലയാളസാഹിത്യത്തിനും, ഭാഷയ്ക്കും നൽകിയ സംഭാവനകൾ വളരെ വലുതാണ്. ഭാഷയും അദ്ദേഹം പ്രതിനിധീക രിച്ച കത്തോലിക്കാ സമൂഹവും ആ ദീപ്തസ്മരണകൾക്ക് മുന്നിൽ പ്രണാമമർപ്പി ക്കുകയാണ്. കാലമെത്രകഴിഞ്ഞാലും മങ്ങാത്ത, മായാത്ത സ്മരണകളോടെ സഹ സ്രരശ്മികൾ ചുറ്റും പ്രസരിപ്പിച്ചുകൊണ്ട് മോൺ. ഡോ. തോമസ് മൂത്തേടൻ എന്നും നമ്മുടെ ഓർമ്മച്ചെപ്പിൽ നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ പ്രവർത്തന ങ്ങൾ എക്കാലവും നമുക്ക് പ്രചോദനവും വഴികാട്ടിയും ആകട്ടെ.